ജലഅതോറിറ്റിയുടെ പദ്ധതികൾ

180 (3615) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പദ്ധതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രത്യേകം പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ടാസ്ക് ഫോഴ്സ് മീറ്റിംഗുകൾ വിവിധ ഓഫീസ് തലങ്ങളിൽ നടത്തിവരുന്നു. ബൃഹത് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതികളുടെ പ്രവൃത്തികളെ പാക്കേജുകളാക്കി ടെണ്ടർ ചെയ്യാണ് പൂർത്തീകരിക്കുന്നത്. ഇതിന്റെ മേൽനോട്ടത്തിനായി ജല അതോറിറ്റി തലത്തിലും ജനപ്രതിനിധികൾ മുഖേനയും സർക്കാർ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി അംഗീകാരം നൽകി കാലതാമസങ്ങൾ ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ സ്രോതസ്സുകളെ മെച്ചപ്പെടുത്തിയും ആവശ്യമായ പദ്ധതി കളിൽ പുതിയ സ്രോതസ്സുകൾ സ്ഥാപിച്ചും കേടായ പമ്പ് സെറ്റുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും മാറ്റിവച്ചും സാദ്ധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ നീട്ടിയും ജലവിതരണം കാര്യക്ഷമമാക്കാറുണ്ട്. പദ്ധതിയുടെ പ്രവൃത്തികൾ നിശ്ചിത സമയങ്ങളിൽ തന്നെ ചെയ്തീർക്കുന്നുണ്ട്. റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാതിരിക്കൽ, സ്ഥലം ലഭ്യമാക്കാതിരിക്കൽ തുടങ്ങിയ സാങ്കേതിക പ്രശ്നങ്ങളുടെ പ്രവൃത്തികൾ മാത്രമാണ് നിശ്ചിത സമയങ്ങളിൽ ചെയ്തീർക്കാൻ കഴിയാതെ പോകുന്നത്. കൂടാതെ സ്മാർട്ട് ബാൾ, സ്കാഡാ എന്നീ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം കൂടുതൽ അളവിൽ ജനങ്ങൾക്ക് നൽകുന്നതിനായുള്ള നടപടികൾ ഓരോ വർഷവും സ്വീകരിച്ചുവരുന്നു.

മിഷൻ 676-ൽ ഉൾപ്പെടുത്തി 154 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ജലവിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ജൈക്ക പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രിതല കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ തയ്യാറാക്കി വിവിധ ഏജൻസികളുടെയും കേന്ദ്ര സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുന്നുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്നു.

നഗര ഗ്രാമീണ പദ്ധതികളുടെ വിപുലീകരണത്തിനായി അംഗീകാരം ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേടായ പഴയ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയവ സ്ഥാപിച്ചും കേടായ പമ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ചും പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാൻ നടപടികൾ കേരള വാട്ടർ അതോറിറ്റി കൈക്കൊള്ളുന്നു.

(സി) പദ്ധതികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കുന്നതിന് ഓരോ ഓഫീസിലും കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയനിഷ്ഠ പാലിക്കുകയും (ടാർജറ്റ് നിശ്ചയിക്കുകയും) എല്ലാ മാസങ്ങളിലും പ്രവൃത്തികളുടെ അവലോകന യോഗം നടത്തുകയും കൂടാതെ പദ്ധതി പ്രവർത്തനത്തിന് തടസ്സങ്ങൾ നേരിടുമ്പോൾ അവപരിഹരിക്കാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മറ്റ് ഇതര വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ ചില പ്രത്യേക ഘട്ടങ്ങളിൽ പുരോഗതി വിലയിരുത്തുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും മീറ്റിംഗുകൾ നടത്തിവരുന്നു. മോണിറ്ററിംഗിനായി വകുപ്പുതലത്തിലും സർക്കാർ തലത്തിലും ജനപ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി തലത്തിലും യോഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾ പുരോഗമിപ്പിക്കാറുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസുകൾ സംഘടിപ്പിച്ച് പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നു. ഇതുകൂടാതെ പദ്ധതികൾ മോണിറ്റർചെയ്യാൻ പ്രോജക്ട് സ്റ്റാറ്റസ് അലർട്ട് സിസ്റ്റം (പാസ്സ്) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റം (ലിംസ്) നടപ്പിലാക്കിയിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കുളം

181 (3616) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിനടത്തിപ്പിനായി എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി നടപ്പിലാക്കുന്നത്.

ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ

182 (3617) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ധനകാര്യവകുപ്പിൽനിന്നും പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly